പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4777 — 05.02.2014 ൽ മറുപടിയ്ക്ക്

## കാർഷിക വികസന കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീമതി.ജമീലാ പ്രകാശം | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ച കാർഷിക വികസന കമ്മീഷന്റെ ചെയർമാനും അംഗങ്ങളും ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക വികസന നയരൂപീകരണത്തിന് ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ഇതിനായി മുൻ എം.എൽ.എ ശ്രീ.കെ.കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായി ഒരു ഉപസമിതി സർക്കാർ ഉത്തരവ് (എം.എസ്)നം.132/2012/കൃഷി തീയതി 30.05.2012 പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉപസമിതിയുടെ ചെയർമാനും അംഗങ്ങളും സംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധം I & II ആയി ചേർത്തിട്ടുണ്ട്. |
| (ബി) കാർഷിക വികസന കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ; റിപ്പോർട്ടിന്റെ പകർപ്പ് എം.എൽ.എ. മാർക്കു പോലും വിതരണം നടത്താതിരുന്നതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ; | (ബി) കരട് കാർഷിക വികസന നയത്തിന്റെ ഇംഗ്ലീഷ് പകർപ്പ് 07.02.2013 ൽ ഉപസമിതി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ മലയാളം പകർപ്പ് തയ്യാറാക്കി വരുന്നു. |
| (സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് കമ്മീഷൻ അംഗങ്ങളുമായി സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ; | (സി) കരട് കാർഷിക നയം സർക്കാരിന്റെ പരിഗണനയിലാണ്. നയത്തിലെ ശുപാർശകളെ സംബന്ധിച്ച് ഉപസമിതിയിലെ അംഗങ്ങളുമായി ചർച്ച ചെയ്തിട്ടുണ്ട്. |
| (ഡി) കാർഷിക വികസന കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരുടെ യോഗം വിളിച്ച് വിപുലമായ ചർച്ചകൾ നടത്തുവാൻ നിർദ്ദേശം നൽകുമോ ? | (ഡി) എല്ലാ ജില്ലാ അടിസ്ഥാനത്തിലും കർഷകരുടെയും ജനപ്രതിനിധികളുടെയും കൃഷിയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ യോഗങ്ങൾ ചേരുകയും അവരുടെയെല്ലാം അഭിപ്രായങ്ങൾ സംയോജിപ്പിച്ചുമാണ് കരട് കാർഷിക നയത്തിന് രൂപം നൽകിയിട്ടുള്ളത്. കാർഷിക നയത്തിനു അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ശുപാർശകളെ കുറിച്ച് കൃഷിഭവൻ തലത്തിൽ വിപുലമായ ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ